"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ദി ബ്ലൈന്റ് എന്ന സ്ഥാപനത്തിൽ നിന്നും ഫയൽ ബോർഡ്, ബുക്കുകൾ എന്നിവ ടെണ്ടർ കൂടാതെ വാങ്ങാൻ തൃശ്ശൂർ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.590/2026/LSGD തീയതി,തിരുവനന്തപുരം, 05-03-2026

പരാമർശം:-
1. സ.ഉ.(സാധാ) നം.291/13/ഉ.വി.വ; തീയതി 02.03.2013
2. കേരള ഇൻസ്റ്റിട്യൂഷൻ ഫോർ ദി ബ്ലൈൻഡ് ജനറൽ സെക്രട്ടറിയുടെ 19.12.2025ലെ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.02.2026-ൽ കൂടിയ യോഗത്തിന്റെ തീരുമാനം 4.14

**ഉത്തരവ്**

കേരള ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ദി ബ്ലൈന്റ് എന്ന സ്ഥാപനം ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിലുള്ള പുനരധിവാസ കേന്ദ്രമാണ്. ഈ സ്ഥാപനത്തെ സ്റ്റേഷനറി വകുപ്പിന്റെ അംഗീകൃത നിർമ്മാണ യൂണിറ്റായി അംഗീകരിച്ചുകൊണ്ടും, സ്റ്റേഷനറി വകുപ്പിനാവശ്യമായ ഫയൽ ബോർഡുകൾ നിർമ്മിച്ചു നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും പരാമർശം 1 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇപ്പോൾ 5 മാസം മാത്രമാണ് ഇവിടുത്തെ അന്തേവാസികൾക്ക് തൊഴിൽ ലഭിക്കുന്നത്. അതിനാൽ തൃശ്ശൂർ ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആവശ്യമായ ഫയൽ ബോർഡ്, ബുക്കുകൾ എന്നിവ ടെണ്ടർ കൂടാതെ കേരള ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ദി ബ്ലൈന്റ് എന്ന സ്ഥാപനത്തിൽ നിന്നു വാങ്ങാൻ അനുമതി നൽകണമെന്ന് കേരള ഇൻസ്റ്റിട്യൂഷൻ ഫോർ ദി ബ്ലൈൻഡ് ജനറൽ സെക്രട്ടറി പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാഴ്ചശക്തിയില്ലാത്തവർക്ക് ഒരു വരുമാന മാർഗ്ഗമെന്ന നിലയിൽ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫയൽ ബോർഡ്, ബുക്കുകൾ എന്നിവ ടെണ്ടർ കൂടാതെ കേരള ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ദി ബ്ലൈന്റ് എന്ന സ്ഥാപനത്തിൽ നിന്നു വാങ്ങാൻ **തൃശ്ശൂർ ജില്ലയിലെ** തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. എന്നാൽ സ്റ്റേഷനറി വകുപ്പിന്റെ പ്രാബല്യത്തിലുള്ള മാനദണ്ഡ പ്രകാരമായിരിക്കണം മേൽ ഇനങ്ങളുടെ വില നിശ്ചയിക്കേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

1. ജനറൽ സെക്രട്ടറി, കേരള ഇൻസ്റ്റിട്യൂഷൻ ഫോർ ദി ബ്ലൈൻഡ്, ആൽപാറ, കണ്ണാറ പി.ഒ., തൃശ്ശൂർ - 680652
2. തൃശ്ശൂർ ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. തൃശ്ശൂർ ജില്ലയിലെ എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. പ്രസിഡന്റ്/സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത്
5. മേയർ/ സെക്രട്ടറി, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ
6. തൃശ്ശൂർ ജില്ലയിലെ എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. ജില്ലാ പ്ലാനിംഗ് ഓഫീസർ, തൃശ്ശൂർ
14. ജോയിന്റ് ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്), തൃശ്ശൂർ
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ജനറൽ) വകുപ്പ്
22. തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്
23. പബ്ലിക് പ്രൊക്യൂർമെന്റ് & അഡ്വൈസറി വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 05-03-2026 18:03:38

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്